**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 306** **01-02-2023 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ പൊതുവിതരണ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ ദ്വീപുകളിൽ പൊതുവിതരണ സംവിധാനം കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | കുട്ടനാട് താലൂക്കിൽ 115 റേഷൻ കടകളും, 53,418 റേഷൻ കാർഡുകളുമാണ് നിലവിലുള്ളത്. റദ്ദ് ചെയ്തതോ കൂട്ടിച്ചേർക്കപ്പെട്ടതോ മരണപ്പെട്ട ലൈസൻസികളുടെ അനന്തരാവകാശികൾ കട ഏറ്റെടുക്കാൻ തയ്യാറാകാത്തതോ ആയ കടകളിലേക്ക് ലൈസൻസി വിജ്ഞാപനം ക്ഷണിച്ചതിന്റെ ഭാഗമായി 11 റേഷൻകടകൾക്ക് വേണ്ടി ലൈസൻസി വിജ്ഞാപനം പുറപ്പെടുവിക്കുകയും ആയതിൽ 3 റേഷൻ കടകൾക്ക് സ്ഥിരം ലൈസൻസിയെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.<br><br>എൻ.എഫ്.എസ്.എ. ഡിപ്പോയുടെ പ്രവർത്തനം കൃത്യമായി നടന്ന് വരുന്നു. കൃത്യമായ ഇടവേളകളിൽ ഉദ്യോഗസ്ഥർ എൻ.എഫ്.എസ്.എ ഡിപ്പോയും റേഷൻകടകളും പരിശോധിക്കുന്നുണ്ട്.<br><br>കെ-സ്റ്റോർ പദ്ധതിക്കായി കുട്ടനാട് താലൂക്കിൽ നിന്നും എ.ആർ.ഡി. 248-നെ യാണ് തെരെഞ്ഞെടുത്തിട്ടുള്ളത്. ടി പദ്ധതി ആരംഭിക്കുന്നതിനാവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും പ്രസ്തുത റേഷൻകടയിൽ ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനതല ഉദ്ഘാടനം നടത്തുന്ന മുറയ്ക്ക് കെ-സ്റ്റോറിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (ബി) | ഇത്തരം ഒറ്റപ്പെട്ട പ്രദേശങ്ങളിൽ നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | സപ്ലൈക്കോയുടെ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ, പൊതുവിതരണ വകുപ്പിന്റെ സഞ്ചരിക്കുന്ന റേഷൻകട എന്നിവ മുഖേന നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത നിലവിൽ ഉറപ്പു വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ